ദീപം ബൈബിൾ സ്റ്റഡി



E.V.P.

# അലങ്കാരം മരത്തിൽ !!!!!



ബൈബിളിലെ ആദ്യപുസ്തകം ആദ്യം പ്രതിപാദിക്കുന്നത് പ്രപഞ്ച സൃഷ്ടിയെക്കുറിച്ചാണല്ലോ. സൃഷ്ടി യുടെ മൂന്നാം ദിവസം വൃക്ഷലാ താദികൾ ഭൂമിയുടെ ഭാഗമായി. യെശയ്യ പ്രവചനത്തിൽ, അക്കേഷ്യ, ഒലിവ്, സിദാർ സെപ്രസ്, മരങ്ങൾ കൊണ്ട്, മരുഭൂമിയെ നിറച്ച് ദൈവ മഹത്വം പ്രകടിപ്പിക്കുന്ന ദൈവപ്രഖ്യാപനം നമുക്ക് കാണാമല്ലോ. ഇന്ന് നമ്മുടെ മുന്നിൽ അലങ്കരിപ്പെട്ടു നിൽക്കുന്ന നിത്യഹരിതമരത്തെ (Evergreen tree) പറുദീസമരമെന്നും (Paradise tree) എന്നും വിശേഷിപ്പിക്കാറുണ്ടല്ലോ.

ഒരുകാലത്ത് യൂറോപ്പിൽ ഈ മരത്തെ ഷുഗർടി (Sugar tree) എന്ന് വിശേഷിപ്പിച്ചിരുന്നു. തിരുപ്പിറ വിയുടെ തലേദിവസം ആദാമി ന്റെയും ഹവ്വായുടെയും ദിനങ്ങൾ എന്നും പറയാറുണ്ട്. അവരുടെ പതനകഥയിൽ ഏദനിലെ മരം പ്രധാന ഭാഗമായിരുന്നു. ക്രിസ്മസിന്റെ പരമ്പരാഗത നിറം പച്ചയും ചുവപ്പുമാണ്. "നിത്യഹരിത പശ്ചാത്തലത്തിന്റെ ആകർഷകമായ ചുവന്നഫലം".

Fr. Patrick Hannon, Dr. Mary Manz Simon, Sr. Chris Koellhoffer എന്നീ പ്രശസ്ത അമേരിക്കൻ എഴുത്തുകാരുടെ, ക്രിസ്മസ് പുതുവത്സര ധ്യാനചിന്തകളോട് കടപ്പെട്ടിരിക്കുന്ന ലേഖനം

കാര്യങ്ങൾ ഈവിധമെങ്കിലും, തിരുപിറവിയുടെ ആഘോഷത്തിന് മധുരം പകരുന്ന ക്രിസ്മസ് കുക്കിസ് മരത്തിന് മുമ്പേ സ്ഥാനം പിടിച്ചിരുന്നു. ഗോതമ്പുപൊടി വെള്ളം ചേർത്ത് കുഴച്ച്, തേൻ കലർത്തി കേക്കുകൾ ഉണ്ടാക്കുക അക്കാലത്ത് പതിവായിരുന്നു. ഇത് മൃഗരൂപത്തിൽ ക്രമപ്പെടു ത്തി, ഒലിവെണ്ണയിൽ വറുത്ത് വെട്ടുകിളിയുടെ ഇറച്ചിചേർത്ത് ഭക്ഷിച്ചിരുന്നു. സങ്കീർത്തനങ്ങൾ പാടുന്നത് "വാക്കുകൾ തേനിലും" മധുരതരം മെന്നാണല്ലോ. തിരുപിറവിയെ സ്മരിക്കുവാനൊരു ങ്ങുമ്പോൾ മധുരഭക്ഷണത്തിനും, ഭക്ഷണത്തിനും പ്രത്യേകസ്ഥാനം തന്നെയുണ്ട്.




ക്രിസ്മരത്തെ വിവിധതരം ആഭരണങ്ങൾ കൊണ്ട് അലങ്കരിക്കാറുണ്ട്. ഈ അലങ്കാരം ദൈവകഥ പറയുന്നു എന്നതാണ് വ്യാഖ്യാനം. മനുഷ്യഹൃദയത്തെ പിറവിയുടെ ലക്ഷ്യത്തിലേക്കടു പ്പിക്കുന്ന കഥകൾ. ഭൂമിയിലെ കഥാപാത്രങ്ങൾ സ്വർഗ്ഗത്തിലെ കഥകൾ പറയുന്നു! ബൈബിളിലെ "വിലാപങ്ങൾ" ഘോഷിക്കുന്നത് - ഓരോ പ്രഭാത ത്തിലും ദൈവം കരുണ കാട്ടുന്നു എന്നതാണ്. ദൈവത്തിന്റെ മഹാകരുണയുടെ ഉത്തമ ഉദാഹര ണമാണ് - കാലിതൊഴുത്തിലെ കനകതാരം.

ഓരോ ജനതയും അവരുടെ സംസ്കാരത്തിലെ പ്രതീക്ഷയും പ്രത്യാശയും ക്രിസ്മസ് ആഘോ ഷത്തിൽ കലർത്തിയിട്ടുണ്ട്. ഉദാഹരണത്തിന് സ്പാനിഷ് ജനത ശ്രീയേശു ജനനം പൂവൻ കോഴിയുടെ കൂവലിനോട് ഉപമിക്കുന്നു (Mass of Roostar) പതിരാവിൽ കോഴി കൂവുന്നത് - ഒരു ശക്തി പ്രകടനം മാത്രമല്ല, ഒരറിയിപ്പു കൂടിയാണ്. വെളിച്ചം ആഗമിക്കാറായി. ഞാൻ ലോകത്തിന്റെ വെളിച്ച മാകുന്നു എന്ന് അവിടുന്ന് അരുളിചെയ്തു. ഈവിധ മെങ്കിൽ നാം ഉണരാനുള്ള ഒരലാറമായി മാറണം ക്രിസ്മസ് ആഘോഷവും ചിന്തയും.



ക്രിസ്മസ് മരത്തെ അലങ്കരിക്കുന്ന നക്ഷത്ര ങ്ങൾ ചിന്തയുടെ വിശാലലോകത്തേക്കാണ് നമ്മെ കൂട്ടികൊണ്ട് പോകുന്നത്. മാഗികളെ നക്ഷത്രങ്ങൾ വഴി കാട്ടിയകഥ. താപനില നക്ഷത്രത്തിന്റെ നിറം നിർണ്ണയിക്കുന്നു എന്നുള്ളത് ശാസ്ത്രതത്വം. ക്രിസ്മസ് രാവിൽ നാം തേടുന്നത് പ്രപഞ്ച രഹസ്യ മല്ല. സൃഷ്ടാവിനോട് വിധേയത്വവും സന്തോഷവും പ്രകടിപ്പിക്കുകയാണ്.



ക്രിസ്മസ് മരത്തിന്റെ ഇലകൾക്കിടയിൽ തൂക്കിയിടുന്ന കുഞ്ഞു മണികൾ പ്രകടിപ്പിക്കുന്നത്, പഴയ നിയമകാലത്തിന്റെ ആത്മീയ സജീവത്വമാണ്. അഹറോന്റെമേൽ വസ്ത്രത്തിൽ തൂക്കിയിട്ടിരുന്ന ചെറുമണികൾ കിലുങ്ങുമ്പോൾ - സമൂഹശ്രദ്ധയാകർഷിക്കുക എന്നതായിരുന്നു ലക്ഷ്യം. എന്നും മണികിലുക്കം - ശ്രദ്ധയാകർഷിക്കുന്നതിനാണ് ഉപയോഗപ്പെടു ത്തുക. "മണികിലുക്കത്തിന് ശേഷം വരുന്ന പ്രധാനവാർത്ത "യേശു ജനിച്ചു" എന്നതാണ്."

ചരിത്രത്തിന് സങ്കീർത്തനങ്ങൾ സംഭാവന ചെയ്ത മാലാഖരൂപം - നമുക്ക് ദൈവസന്ദേശവാഹകരുടെ സ്മരണയാണ്. മാലഖ എന്ന വാക്ക്, 194 തവണ KJV -ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നു. എത്രയെത്ര സന്ദേശങ്ങൾ, എത്രയെത്ര പ്രത്യക്ഷപെടലുകൾ.

അമേരിക്കയിൽ നമുക്ക് ലഭ്യമാകുന്ന ക്രിസ്മസ് പൂവിനുമുണ്ട് - ഒരു ചരിത്രം. വിവിധനിറങ്ങളിൽ ലഭ്യമാകുന്ന ഈ പുഷ്പം - ഈ മണ്ണിൽ അതിനെ എത്തിച്ച മനുഷ്യന്റെ പേരിലാണ് അറിയപ്പെടുന്നത്. AD 1800-ൽ മെക്സിക്കോയിലെ ആദ്യത്തെ യു.എസ്. അംബാസിഡർ Dr. Joel Roberts Poinsett - Poinsettia ചെടി ഇവിടെ എത്തിക്കുകയായിരുന്നു. വളർച്ചയെത്തിയ പൂവിന്റെ മദ്ധ്യഭാഗത്ത് ക്രിസ്മസ് നക്ഷത്രരൂപമാണ്. മാഗികളെ വഴികാട്ടിയ നക്ഷത്രരൂപം ഹൃദയത്തിൽ സൂക്ഷിക്കുന്ന പുഷ്പം.





മനോഹരങ്ങളായ കുഞ്ഞിചെരിപ്പുകൾ ക്രിസ് മരത്തിൽ തൂക്കിയിടുന്നത്, ഒരമ്മ ചിന്തയുടെ പ്രകാശനം. തായനാവിലൂടെ പുറത്തുവരുന്ന, സ്നേഹമൂറുന്ന മധുര വാക്കുകൾ (Baby talk)

ബൈബിൾ നൂറുപേരുകളിൽ വിശേഷിപ്പിക്കപ്പെടുന്ന യേശു ഒരു ശിശുവായി പിറന്നു എന്ന് മാനവസമൂഹത്തെ ബോദ്ധ്യപ്പെടുത്തുകയാണ്.

സംഗീത ഉപകരണമായ ഡ്രം അലങ്കാരത്തിനായി തൂക്കിയിടുക പതിവാണ്. Carol of the drum എന്നറിയപ്പെടുന്ന ക്രിസ്മസ് ഗാനം ഏഴ് ഭാഷകളിൽ ഇരുന്നൂറ് തവണ മില്ല്യൺ കണക്കിന് കോപ്പികൾ റിക്കാർഡ് ചെയ്തു കഴിഞ്ഞു. ഡ്രമ്മടിക്കാതെ ആരെങ്കിലും ഇന്ന് ക്രിസ്മസ് ഗാനം പാടുമോ ?



ഹൃദയരൂപം സ്നേഹചിഹ്നമാണല്ലോ. ദൈവസ്നേഹം സമം പരസ്പര സ്നേഹം. നമ്മുടെ ഹൃദയം രണ്ട് കരളുകൾക്കിടയിൽ സ്ഥിതിചെയ്യുന്നു. ഹൃദയമിടിക്കാതിരുന്നാൽ കഥ കഴിയും. രണ്ട് മിടിപ്പുകൾക്കിടയിലെ സമയത്താണ് ഹൃദയം വിശ്രമിക്കുന്നത്. തിരുപിറവിയുടെ സ്നേഹപ്രകടനമായി അലങ്കാരമരത്തിലെ ഹൃദയരൂപം.

അലങ്കാരനാണയങ്ങൾ ചിലതൊക്കെ ശിഖരങ്ങളിൽ തൂക്കിയിടുന്നു. യേശുവിന്റെ കാലത്ത് നാണയങ്ങൾ മണ്ണിൽ കുഴിച്ചിടാറുണ്ടായിരുന്നു. വിലപിടിപ്പുള്ളവ - സൂക്ഷിക്കുന്നതിന് -വിവിധ രീതികൾ ഓരോ ജനതയും ഉപയോഗിച്ചിരുന്നു. അലങ്കാര നാണയങ്ങൾ വഴി അവതരിപ്പിക്കപ്പെടുന്നത് തിരുപിറവിയുടെ മൂല്ല്യത്തിന്റെ ബോധവൽക്കരണം.

പുരാതനകാലത്ത് വീരന്മാരുടെ ശിരസ്സിൽ റീത്ത് വെയ്ക്കുക പതിവായിരുന്നു. രാജകീയത വിജയം ഇവയുടെ അംഗീകാരമാണിത് പ്രകടിപ്പിക്കുന്നത്. പച്ച നിറത്തിലുള്ള റീത്തിന്റെ ആകൃതി വൃത്തം. ഇത് ക്രിസ്ത്യൻ സിംബോളിസം. ഹരിതനിറം പുതുജീവനും വൃത്തം പൂർണ്ണതയും ലക്ഷ്യമാക്കുന്നു. യെശയ്യ പ്രവചനത്തിൽ ആദിമുതൽ അന്ത്യം വരെയുള്ള പ്രവചനസാരാംശം യഹോവ മാത്രമാണ് നിന്റെ ദൈവം യഹോവ പ്രവചിക്കുന്നു.

ക്രിസ്മസ് മരത്തിലെ എട്ടുകാലിയുടെ കഥ - രസകരമാണ്. ഇതിന്റെ വേര് യൂറോപ്പിലാണ്. ഒരു




ദരിദ്ര കുടുംബം ക്രിസ്മസ് കാലത്തും തങ്ങളുടെ ഭവനം വൃത്തിയാക്കി, ക്രിസ്മസ് മരം അലങ്കരിച്ചു. തങ്ങളുടെ ജോലി കഴിഞ്ഞ് അവരൊക്കെ നിദ്രയിലായി. രാത്രിയുടെ നിശബ്ദതയിൽ എട്ടുകാലികൾ വലകെട്ടി ആ മരത്തെ മനോഹരമാക്കി. പ്രഭാതത്തിൽ എട്ടുകാലികൾ കെട്ടിയ വല അവർ കണ്ടു. സൂര്യകിരണങ്ങളേറ്റവ പ്രകാശിക്കുന്നു. എല്ലാം സൃഷ്ടിച്ച ദൈവം എല്ലാം നല്ലതെന്ന് കണ്ടതുപോലെ ആ ദരിദ്ര കുടുംബം എട്ടുകാലിയുടെ കരകൗശലവും നല്ലത് എന്ന് കണ്ടു. ദൈവം സൃഷ്ടിച്ച ജീവികളിൽ, ശാസ്ത്രത്തിന് പിടികിട്ടാത്ത ജീവികളിൽ ഒന്നാണ് എട്ടുകാലി. അന്റാർട്ടിക്ക ഒഴികെ ഭൂമിയിൽ എല്ലായിടത്തും ഈ ജീവിയുണ്ട്.

ആട്ടിടയർക്കുള്ള മാലാഖമാരുടെ തിരുപിറവിയുടെ സന്ദേശം - ബൈബിളിലെ അതിമനോഹര ആശ്വാസവചനം. വി. ജോൺ സുവിശേഷത്തിൽ ഇടയവിശേഷണം രണ്ടക്കത്തിൽ കൂടുതൽ കലർത്തി. നാം ആടുകൾ അവിടുന്ന് - നല്ല ഇടയൻ. രണ്ട് വർഷകാലത്തിൽ അൻപത് പേരുടെ ശബ്ദവും മുഖവും തിരിച്ചറിയുവാൻ ആടുകൾക്ക് കഴിയുമെന്ന് ശാസ്ത്രപഠനങ്ങൾ പറയുന്നു. അരുവിയിലേക്ക് ഒരാട് നീങ്ങിയാൽ ബാക്കിയുള്ളവ പിറകെ നീങ്ങും. ആട്ടിൻ രോമങ്ങൾ കൊണ്ട് നിർമ്മിച്ച കൗതുക വസ്തുക്കൾ - ക്രിസ്മസ് മരത്തിൽ നാം തൂക്കിയിടുമ്പോൾ - നല്ല ഇടയൻ ആടുകൾക്കായി ജീവൻ കൊടുക്കുന്നവനാണ് എന്ന് നാം മറന്ന് പോകരുത്.

ആരും പാരിതോഷികം ഇഷ്ടപ്പെടുന്നു. ക്രിസ്മസ് സമ്മാനങ്ങൾ വിപണി തന്നെ കയ്യടക്കുന്നു. ഈ വർഷം 1.7 Million സമ്മാനപൊതികൾ Fedex മാത്രം കൈകാര്യം ചെയ്യുന്നതായി വാർത്ത വന്നിരിക്കുന്നു. എവിടെയാരംഭിച്ചു - ക്രിസ്മസ് പുതുവത്സരം സമ്മാനദാനം. റോമാസാമ്രാജ്യത്തിൽ പുതുവത്സരത്തിൽ സമ്മാനങ്ങൾ കൈമാറിയിരുന്നു. ഇംഗ്ലണ്ടിൽ രാജാവ് ഹെൻട്രി III - ന്റെ മകൻ എഡ്വേഡിന്റെ ജനനത്തിന് രാജാവ് സമ്മാനങ്ങൾ കൈമാറിയ ചരിത്രമുണ്ട്. ഇതിനെ തുടർന്ന് വിക്ടോറിയൻ കാലം മുതൽ കരുണ പ്രകടിപ്പിക്കുന്നതിനായി ക്രിസ്മസ് സമ്മാനങ്ങൾ കൈമാറി തുടങ്ങി. കിട്ടുന്നതിലും കൂടുതൽ കൊടുക്കുക ഇതാണ് യഥാർത്ഥ ക്രിസ്മസ് സമ്മാനത്തിന്റെ മാനദണ്ഡം. സമ്മാനപൊതികൾ ക്രിസ്മസ് മരത്തിൽ സ്ഥാനം പിടിക്കുമ്പോൾ അവ വിലമതിക്കാനാവാത്ത സമ്മാനങ്ങളായി മാറുകയാണ്. ഇവയുടെ ദിവ്യമായ പ്രേരകശക്തി 1500 മൈയിൽ ദൂരേ നിന്ന് ഒരു വർഷം മുമ്പ് യാത്ര തിരിച്ച മാഗികളുടെ കാഴ്ചവസ്തുക്കളായ പൊന്നും മൂറും, കുന്തിരിക്കവുമായി ബന്ധപ്പെടുത്താം. ഇവയിലെ ദൈവ ശാസ്ത്രവും നമ്മുടെ ചിന്താവിഷയമാകാം.

അമേരിക്കൻ വിപണിയിൽ ക്രിസ്മസ് കാലത്തും നക്ഷത്രമത്സ്യങ്ങൾക്ക് (Star fish) ആവശ്യക്കാരേറെയാണ്. അലങ്കരിച്ച നക്ഷത്രമത്സ്യത്തിന് നല്ല വില. നക്ഷത്ര മത്സ്യത്തിന് 5 കൈകളുണ്ട്. ഓരോന്നിന്റെയും അറ്റത്തും ഒരു പ്രത്യേക അടയാള വും. ഇവക്ക് ഇരുട്ടും വെളിച്ചവും



തിരിച്ചറിയാൻ കഴിയുമെന്ന് ശാസ്ത്രം പറയുന്നു. മതചിന്തയിലെ ഇരുട്ടും വെളിച്ചവും നാം തിരുപിറവിയിലൂടെ തിരിച്ചറിയുന്നു. കോടികണക്കിന് മനുഷ്യർ ഈ ഭൂമിയിൽ ജനിച്ചു. എന്നാൽ യേശു മാത്രമാണ് മനുഷ്യകുലത്തിന്റെ പാപം വഹിക്കാൻ ജനിച്ചത്. ഈ തിരിച്ചറിവിന്റെ ഓർമ്മ പ്പെടുത്തലാണ് തിരുപിറവി.

ശാഖകൾ തണ്ടിനോട് ചേർന്നിരുന്നാൽ ഫലമുല്പാദനമധികം. ജർമ്മനിയിലെ ക്രിസ്മസ് ട്രി മുന്തിരി കുലകൾ കൊണ്ടലങ്കരിക്കാറുണ്ട്. മനുഷ്യനിൽ നിന്ന് ഇനിയും ഫലമുല്പാദിപ്പിക്കുവാൻ കഴിയു മെന്ന ദൈവപ്രതീക്ഷയുടെ പ്രതീകമാണിത്.

ഭക്ഷണത്തിൽ നാം ചേർക്കുന്ന ഇഞ്ചി ശേഖരിക്കപ്പെടുന്നത് അതിന്റെ വേരിലാണല്ലോ. ഇത് ഭക്ഷണത്തിൽ കലരുമ്പോൾ സുഗന്ധമുണ്ട്. മരത്തിൽ തൂക്കിയിടുന്ന Ginger bread boy മനുഷ്യമനസ്സിൽ ഉണ്ണിയേശുവിന്റെ ഓർമ്മ സുഗന്ധപൂരിതമാക്കുന്നു.

ഓറഞ്ച് ബോൾ ആഭരണമായി നാം അലങ്കാരത്തിന് ഉപയോഗിക്കുന്നു. ഇതിന്റെ ചരിത്രം തുർക്കിയിലെ നിക്കോളാസ് മെത്രാനുമായി ബന്ധപ്പെട്ടതാണ്. അടിമകളുടെ കൂട്ടത്തിൽ നിന്ന് മൂന്ന് പെൺകുട്ടികളെ ബിഷപ്പ് രക്ഷപ്പെടുത്തി. വിധവയായ അമ്മ അവരെ വിൽക്കുകയായിരുന്നു. വിറ്റുകിട്ടിയ സ്വർണ്ണനാണയങ്ങൾ ഒരു സഞ്ചിയിലാക്കി - ചുട്ട് കായുന്ന അടുപ്പിനരികിൽ സൂക്ഷിച്ചു. അവ തീയിൽ വീണ് ഉരുകി - മഞ്ഞ നിറമുള്ള ഓറഞ്ച് രൂപത്തിലായി. യേശു ചരിത്രം തന്നെയാണി ദുഃഖകഥ. വില്ക്കപ്പെടുക. നമുക്കായി ഉരുകി അമൂല്ല്യമായി മാറുക. കല്ലടവ് മുതൽ കാൽവരി വരെ - അവിടുന്ന് - നമുക്കായി ദുരന്തദുരിതങ്ങൾ ഇരുകയ്യും നീട്ടി വാങ്ങുകയായിരുന്നു.

എന്നാൽ മിട്ടായിവടിക്ക് (Candy cane) മരണത്തിന്റെയും രക്തത്തിന്റെയും കഥയാണ് പറയാനുള്ളത്. വെള്ളനിറം പിറവി, ഇത് സന്തോഷവും സമാധാനവും. ചുവപ്പുനിറം രക്തം. ആട്ടിടയന്റെ വടിയിൽ അറ്റത്ത് ഒരു വളവ്. ഇടയന്റെ വടി - അധികാരത്തിന്റെ സംരക്ഷണത്തിന്റെ അടയാളം. ഡിസംബർ ഇരുപത്തിയാറ് - യു.എസ്.-ൽ കാന്റി കെയിൻ ദിവസമാണല്ലോ. ഇതൊന്നും നമ്മുടെ സ്മൃതിപഥത്തിൽ ചിന്താപരമായി പിടിച്ചുനിൽക്കാറില്ല.

ഈ ആധുനിക കാലത്തിൽ ക്രിസ്മസ് റോസിനും കഥയുണ്ട്. ഹരിതനിറമുള്ള റോസാചെടിയുടെ മുള്ളുകൾക്ക് വിഷമുണ്ട്. പുഷ്പം മനോഹരം. ഇന്നത്തെ മനുഷ്യന്റെ മുഖം. പുറമേ ചിരി അകമോ വിഷ ചിന്തകൾ.

പിക്കാസോ രൂപപ്പെ ടുത്തിയ പ്രാവിന്റെ രൂപം സമാധാനത്തിന്റെ ചിഹ്ന മായി ചിലരൊക്കെ - മരത്തിൽ സൂക്ഷിക്കുന്നു. തിരുപിറവിയുടെ നിത്യ സമാധാന സന്ദേശം - നാം വിസ്മരിക്കുന്നുവോ ? സംഘർഷലോകത്തിലെ സമാധാനമാണ് തിരുപിറവി.

ക്രിസ്മസ് ലൈറ്റ് - ഇല്ലാത്ത നാടില്ല ലോകത്ത്. യേശുവിന്റെ കാലത്ത് ചെറിയ കിളിവാതിലുകൾ മാത്രമുള്ള വീടുകളായിരുന്നു. എപ്പോഴും വിളക്ക് അകത്ത് തെളിഞ്ഞിരിക്കും. യേശുവിന്റെ "പറയിൽ കീഴിലെ" പ്രയോഗം നമുക്കറിയാം. അകമേയുള്ള ഇരുട്ട് മാറുവാൻ ഈ വെളിച്ചം ലോകത്തെ സഹായിക്കുമെന്നതാണ് വിവക്ഷ. എഡിസൺ ബൾബ് കണ്ടുപിടിച്ച് മൂന്ന് വർഷം കഴിഞ്ഞപ്പോൾ ബൾബുകൾ വിവിധ നിറങ്ങളിൽ ക്രിസ്മരത്തിൽ കയറിപറ്റി. വൈയിറ്റ് ഹൗസ്സിൽ മൂന്ന് വർണ്ണ ക്രിസ്മസ് മരം സ്ഥാനം പിടിച്ചു. ഡെൻമാർക്കിൽ മെഴുകുതിരികൾ ക്രിസ്മസ് മരത്തിൽ കത്തിച്ചുവെയ്ക്കുക പതിവാണ്. ഈവിധത്തിൽ അർത്ഥമന്വേഷിച്ചിറങ്ങുന്നവരുടെ യാത്രക്ക് ദൂരം കൂടുന്നു.

പിറവിയുടെ താക്കോൽ വാക്ക് ഇമ്മാനുവേൽ എന്നാണല്ലോ. മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ അവിടുന്ന് ഭൂമിയിലേക്കിറങ്ങി




വന്നു - ദൈവപുത്രന് - ഭൂമിയിൽ വന്നു സ്വാഗതഗാനം പാടിയ മാലാഖമാരോടൊപ്പം, ഒരു കരോൾ ഗാനം പാടി - സ്തുതിക്കുമ്പോൾ - ക്രിസ്മസ് ഒരു ദിവ്യാനുഭവും സായുജ്യവുമാണ്.




Audio CD https://youtu.be/Ix6VBxz09nc